www.malankaralibrary.com



# സ്നേഹം എല്ലാം സഹിക്കുന്നു.

കെ.എം. ഫ്രാൻസിസ്

ജനനം മുതൽ മരണം വരെ ഒരുവൻ തന്റെ ജീവിതത്തിൽ അനേകം വേദനകൾ അനുഭവിക്കുന്നുണ്ട്. വേദനകൾ അനുഭവിക്കുമ്പോൾ ദുഃഖമോ സന്തോഷമോ തോന്നാതെ, അവയെ സ്വാഭാവികതയായി സ്വീകരിച്ച് ജീവിത ലക്ഷ്യത്തിലേക്ക് മുന്നേറുന്നതാണ് സഹനം.

വേദനകളെ നിസ്സംഗതയോടെ നേരിടാൻ മനുഷ്യന് കഴിയുമോ? ഇക്കാര്യം വ്യക്തമാക്കാൻ വേദനകളോടും മനുഷ്യന്റെ പ്രതികരണം പരിശോധിച്ചാൽ വ്യക്തമാകും. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് വേദനകളില്ലാതെയാണ്. ദൈവം മനുഷ്യന് നൽകിയ സ്വാഭാവികമായ പ്രകൃതിയിൽ വേദനയ്ക്ക് യാതൊരു സ്ഥാനവുമില്ല. എവിടെയല്ലാം ദൈവം സൃഷ്ടിച്ച പ്രകൃതിയ്ക്ക് ഭംഗം വരുന്നുവോ അപ്പോൾ മനുഷ്യനുണ്ടാകുന്ന അനുഭവമാണ് വേദന. മൂന്ന് കേന്ദ്രങ്ങളിൽ നിന്ന് മനുഷ്യന് വേദനകളുണ്ടാകുന്നു. a) പ്രകൃ തി ദുരന്തങ്ങൾ b) സ്വന്തം ശരീരത്തിൽ ഉണ്ടാകുന്ന രോഗങ്ങൾ c) മറ്റു മനുഷ്യരിൽ നിന്നുണ്ടാകുന്ന വേദനകൾ എന്നിവയാണ് അവ.

ഈ മൂന്ന് തരം വേദനകൾ ഉണ്ടാകുമ്പോൾ മനുഷ്യൻ വേദനകളെ നേരിടുന്നതിനുപകരം വേദനകളുടെ കാരണത്തെയും, കാരണക്കാരനെയും അന്വേഷിക്കുന്നു. ചില മതഗ്രന്ഥങ്ങൾ മനുഷ്യൻ അനുഭവിക്കുന്ന എല്ലാ വേദനകളുടെയും കാരണക്കാരൻ ദൈവമാണെന്ന് ആരോപിക്കുന്നു. മനുഷ്യന്റെ പാപങ്ങൾക്ക് ദൈവം നൽകുന്ന ശിക്ഷയാണ് വേദനയെന്ന് ചിലർ ആരോപിക്കുന്നു. ഇത് സൃഷ്ടാവിനെക്കുറിച്ചുള്ള തെറ്റായ ദാരണയാണെന്ന് യേശു പഠിപ്പിക്കുന്നു. യേശു പറയുന്നു, ദൈവം ശിക്ഷിക്കുന്നവനല്ല രക്ഷിക്കുന്നവനാണ്. തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരുവൻപോലും നശിച്ചുപോകാതിരിക്കത്തക്കവിധം ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിക്കുന്നു.

**വേദനകളും പിശാചും.**

ചിലർ മനുഷ്യന്റെ വേദനകളുടെ കാരണത്തെ പിശാചിലാണ് കണ്ടുമുട്ടുന്നത്. ഉല്പത്തി വിവരണമനുസരിച്ച് ഹവ്വപാപം ചെയ്യാനുള്ള കാരണം പിശാചിന്റെ പ്രലോഭനമാണ്. മനുഷ്യന്റെ വേദനകളുടെ മൂലകാരണം ദൈവമല്ല, പിശാചാണെന്ന് ഉല്പത്തി പുസ്തകം വിവരിക്കുന്നു.

പിശാചാണോ മറ്റുചിലതാണോ മനുഷ്യന്റെ വേദനകളുടെ കാരണമെന്ന് ജോബിന്റ് പുസ്തകം വിവരിക്കുന്നു. ജോബിന്റെ പുസ്തകം ആരംഭിക്കുന്നത് നീതിമാനായ മനുഷ്യന്റെ ചരിത്രം എന്ന മുഖവുരയോടു കൂടിയാണ്. നീതിമാനായ ജോബിന് പിശാച് വേദനകൾ നൽകി ദൈവത്തിൽ നിന്ന് അകറ്റുന്നുവെന്ന പ്രതീതിയോടെയാണ് ജോബിന്റെ പുസ്തകം മുന്നേറുന്നത്. ജോബിന്റെ പുസ്തകം വായിക്കുന്ന എല്ലാവരുടേയും ചിന്ത ഇതുതന്നെയാണ്. എന്റെ ജീവിതം നീതിമാന്റേതാണ്, എന്തായിരിക്കും എന്റെ വേദനകളുടെ കാരണം? ദൈവമല്ലെങ്കിൽ പിന്നെ പിശാചുതന്നെ.

എന്നാൽ മനുഷ്യന്റെ ഈ പൊതുധാരണയെ അട്ടിമറിയ്ക്കാനാണ് ജോബിന്റെ ഗ്രന്ഥം എഴുതിയ വ്യക്തിയുടെ ആഗ്രഹം. ഈ കഥ മുന്നോട്ടുപോയി അവസാനിക്കുന്നിടം മനോഹരമാണ്. ജോബ് അവസാനം ദൈവത്തെ മുഖാമുഖം കാണുന്നു. അപ്പോൾ ജോബ് പറയുന്നു "ഞാൻ പാപിയാണ്". എങ്കിൽ എന്തുകൊണ്ടാണ് ജോബ് പാപിയാണെന്ന് കുറ്റപ്പെടുത്തിയ ജോബിന്റെ കൂട്ടുകാരെ ദൈവം ശാസിക്കുന്നത്. "ഞാൻ പാപിയാണെന്ന്" ഏറ്റുപറയാൻ മാത്രമെ ഒരുവന് അവകാശമുള്ളു, മറ്റൊരുവൻ പാപിയാണെന്ന് പറയാൻ ആർക്കും അവകാശമില്ല. മനുഷ്യന്റെ വേദനകളുടെ കാരണക്കാരൻ ദൈവമോ, പിശാചോ അല്ലെന്നും സ്വന്തം പാപമാണെന്നും ജോബിന്റെ പുസ്തകത്തിന്റെ അവസാന നിഗമനം വി. യാക്കോബ് ഇപ്രകാരം ഏറ്റുപറയുന്നു. "സ്വന്തം ദുരാശ പാപത്തെ പ്രസവിക്കുന്നു, പാപമോ മരണത്തേയും" എല്ലാ വേദനകളുടെയും പൂർണ്ണ രൂപമാണ് മരണം അതിന്റെ മൂല സ്രോതസ്സാണ് ദുരാശ. ശ്രീബുദ്ധൻ വേദനയെ നേരിടാൻ ആശയെ നിഗ്രഹിക്കാൻ ഉപദേശിക്കുന്നു. ദുരാശയും മരണത്തിനുമിടയിലുള്ള പാപത്തെകുറിച്ച് ബുദ്ധമതം ഒന്നും പറയുന്നില്ല.

**ദുരാശയും മരണവും**

ദുരാശ എങ്ങിനെ മനുഷ്യനിൽ വേരുന്നുന്നു? എങ്ങിനെ മനുഷ്യന്റെ വ്യക്തി, കുടുംബ, സാമൂഹിക ജീവിതത്തെ തകർക്കുന്നു? ഇക്കാര്യം വ്യക്തമാക്കാൻ പാപമെന്നാൽ ദൈവസ്നേഹത്തിന്റെ നിരസനമാണെന്ന പരമ്പരാഗത കത്തോലിക്ക വിശ്വാസത്തെ നാം മുറുകെ പിടിക്കണം. സ്നേഹിക്കപ്പെടാനുള്ള മനുഷ്യന്റെ ആഗ്രഹത്തെ സൃഷ്ടാവിന്റെ സ്നേഹത്തിനു മാത്രമെ പൂർത്തീകരിക്കാനാകൂ. സൃഷ്ടാവിന്റെ സ്നേഹം ആശിക്കുന്നതാണ്

www.malankaralibrary.com

നല്ല ആശ. സൃഷ്ടികളിൽ നിന്ന് സ്നേഹം കൊതിക്കുന്നതാണ് ചീത്ത ആശ. മനുഷ്യൻ സ്നേഹിക്കപ്പെടാനുള്ള ആഗ്രഹത്തെ മാതാപിതാക്കളിലും, ജീവിത പങ്കാളിയിലും, മക്കളിലും, പണത്തിലും, പ്രകൃതിയിലും അന്വേഷിക്കുമ്പോൾ മനുഷ്യന്റെ പ്രശ്നങ്ങൾ ആരംഭിക്കുന്നു. സ്നേഹം ലഭിക്കാതായൽ സ്നേഹം നൽകാനുള്ള കഴിവ് നഷ്ടപ്പെടുന്നു. സ്നേഹത്തിന്റെ ഒരുഭാവം മാത്രമാണ് സഹനം. അതുകൊണ്ട് വേദനകളെ സ്വാഭാവികമായി നേരിടണമെങ്കിൽ –സഹിക്കണമെങ്കിൽ– ദൈവസ്നേഹത്താൽ നിറയുക എന്നത് മാത്രമാണ് പരിഹാരം.

**ദൈവം എന്നെ സ്നേഹിക്കുന്നുവോ?**

ദൈവം പരിശുദ്ധാത്മാവിലൂടെ മനുഷ്യഹൃദയത്തിലേയ്ക്ക് ചൊരിയുന്ന സ്നേഹം (റോമ 5:5) മനുഷ്യൻ നിഷേധിക്കുന്നുവെന്നതാണ് പാപമെന്ന് നാം കണ്ടു. സ്നേഹത്തിന്റെ നിരസനം മൂലം മനുഷ്യനെ കുറ്റബോധം വേട്ടയാടുന്നു. കുറ്റബോധമുള്ള മനുഷ്യന് ദൈവത്തിൽ നിന്ന് സ്നേഹം സ്വീകരിക്കാൻ കഴിയാതെ വരുന്നു. അവൻ ദൈവത്തിൽ നിന്ന് കൂടുതൽ കൂടുതൽ അകലുന്നു. അവസാനം അവൻ പന്നികുഴിയിലെത്തുന്നു. പന്നിക്കുഴി പ്രതിനിധാനം ചെയ്യുന്നത് ആരും സ്നേഹിക്കാനില്ലാത്തതിന്റെ തീവ്രമായ വേദനയാണ്.

ഈ വേദനയിൽ പിതാവിന്റെ ഭവനത്തെകുറിച്ച് അഥവാ ദൈവസ്നേഹത്തെകുറിച്ച് ഓർമ്മവരുമോ? വേദനിക്കുന്നവന് ദൈവസ്നേഹാനുഭവത്തിന്റെ ഓർമ്മ നൽകുന്നതാണ് സുവിശേഷ പ്രഘോഷണം. എല്ലാ സുവിശേഷ പ്രഘോഷണത്തിന്റെയും കേന്ദ്രം 'കെരിഗ്മ' യാണ. 'കെരിഗ്മ' കേൾക്കുന്നതിലൂടെ ഒരുവന് ദൈവത്തിന്റെ സ്നേഹം ഓർമ്മവരുന്നു. എന്റെ പാപം മൂലം യേശു കുരിശിൽ മരിച്ചുവെന്നും, എന്നാൽ യേശു ഉത്ഥാനം ചെയ്തു കൊണ്ട് എന്റെ പാപം നിലനിൽക്കുന്നില്ല എന്ന് ഒരുവൻ കേൾക്കുന്നതാണ് സുവിശേഷത്തിന്റെ കേൾവി. ഒരോ വി. കുർബ്ബാനയിലും സഭ ഇക്കാര്യം പ്രഘോഷിക്കുന്നു.

ഒരുവൻ ദൈവം സ്നേഹമാണെന്ന് ശ്രവിച്ചു എന്നതിന്റെ തെളിവെന്താണ്? സ്വന്തം സാഹചര്യങ്ങളെ ഒരുവൻ/ ഒരുവൾ പൂർണ്ണമായും ദൈവകരങ്ങളിൽ നിന്ന് സ്വീകരിക്കുന്നുണ്ടെങ്കിൽ അവൻ/അവൾ ദൈവസ്നേഹം അനുഭവിച്ചിട്ടുണ്ട്. ഉദാഹരണമായി ഒരുവീട്ടിലെ ഗ്രഹനാഥൻ മദ്യപാനിയാണെന്ന് കരുതുക. ആ ഗ്രഹനാഥനെ ആ വീട്ടിലെ ഭാര്യ എങ്ങിനെ സ്വീകരിക്കുന്നു? മക്കൾ എങ്ങിനെ സ്വീകരിക്കുന്നു? എന്ന് പരിശോധിച്ചാൽ ആ വ്യക്തികൾ ദൈവസ്നേഹാനുഭവത്തിലാണോ എന്ന് തിരിച്ചറിയാം.

ഭർത്താവ് മദ്യപിച്ച് വരുമ്പോൾ എനിയ്ക്ക് അർഹിക്കുന്നതിനേക്കാൾ നല്ല ജീവിത പങ്കാളിയെ നൽകിയ ദൈവമേ ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നുവെന്ന് പ്രാർത്ഥിക്കുവാൻ ഒരു സ്ത്രീക്ക് കഴിയുമോ? എനിയ്ക്ക് ഞാൻ അർഹിക്കുന്നതിനേക്കാൾ നല്ല അപ്പനെ നൽകിയ ദൈവമെ ഞാൻ അങ്ങേയ്ക്ക് നന്ദിപറയുന്നുവെന്ന് പ്രാർത്ഥിക്കുവാൻ മക്കൾക്ക് കഴിയുമോ? ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാത്ത ഒരു വീട്ടമ്മയെകുറിച്ച് ഭർത്താവിനും മക്കൾക്കും ഇതുപോലെ പ്രാർത്ഥിക്കുവാൻ കഴിയുമോ? മക്കൾ ഇത്തരത്തിൽ പ്രവർത്തിച്ചാൽ മാതാപിതാക്കൾ അവരെ ദൈവകരങ്ങളിൽ നിന്ന് സ്വീകരിക്കാൻ കഴിയുമോ?

ഇത്തരത്തിലുള്ള ആത്മീയ പ്രവർത്തിയിലൂടെയാണ്, തന്റെ ചുറ്റുമുള്ളവരെ, നമ്മുടെ ജീവിതത്തിന് എതിരായാലും അവരെ സ്വീകരിക്കാൻ നമുക്ക് കഴിയുക. ഇത്തരത്തിൽ ബന്ധങ്ങളിലൂടെ അനുഭവിക്കുന്ന വേദനകൾ, ജീവിതത്തിന്റെ സ്വാഭാവിക ഭാഗമെന്നപ്പോലെ സ്വീകരിക്കുന്നതാണ് കുടുംബജീവിതത്തിലെ സഹനം. ഈ സഹനത്തിലൂടെ യേശുക്രിസ്തുവിലൂടെ നമ്മിലേക്ക് ചൊരിയപ്പെട്ട പരിശുദ്ധാത്മാവിന്റെ സഹവാസംമൂലം നമുക്ക് ലഭിക്കുന്ന ദൈവസ്നേഹാനുഭവം വളർച്ച പ്രാപിക്കുന്നു. എന്നാൽ നാം സുവിശേഷം കേൾക്കുകയും, അൾത്താരയിൽ നിന്ന് 'കെരിഗ്മ' അനുഭവിക്കുകയും ചെയ്തിട്ട്, നമ്മുടെ ജീവിതത്തിൽ വേദനകളുണ്ടാകുമ്പോൾ അവയെ ദൈവകരങ്ങളിൽ നിന്ന് സ്വീകരിക്കാതാകുമ്പോൾ, നമുക്ക് ദൈവം നൽകിയ സ്നേഹാനുഭവത്തിന്റെ ഓർമ്മ മാഞ്ഞുപോകുന്നു. അതുകൊണ്ട് അടിസ്ഥാന ബന്ധങ്ങളിൽ നിന്ന് (അപ്പൻ, അമ്മ, സഹോദരൻ, സഹോദരി, ബന്ധുമിത്രാദികൾ) വേദനകളുണ്ടാകുന്ന അവസരങ്ങളിലെങ്കിലും, അതിനെ ദൈവകരങ്ങളിൽ നിന്ന് സ്വീകരിക്കാൻ ഒരു വ്യക്തിക്ക് കഴിയട്ടെ. ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായവർക്ക് മാത്രമെ വലിയ കാര്യങ്ങളിൽ വിശ്വസ്തരാകുവാൻ കഴിയുക.